**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1934** **11-10-2021 - ൽ മറുപടിയ്ക്ക്**

**ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയുടെ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ജി.എൻ.എം. കോഴ്സ് കഴിഞ്ഞവർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ഉണ്ട്. ആരോഗ്യ വകുപ്പിലേയും മുനിസിപ്പൽ കോമൺ സർവീസിലേയും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കുള്ള നിയമനത്തിന് യോഗ്യതയായി ജി.എൻ.എം. ഡിപ്ലോമ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അങ്ങനെ തീരുമാനിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | Diploma in General Nursing and Midwifery യോഗ്യതയെ ടി തസ്തികയ്ക്കുള്ള ഉയർന്ന യോഗ്യതയായി പരിഗണിക്കാമെന്ന് OA 617/2015 ന്റെ 30/09/2016 ലെ വിധിന്യായത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (തിരുവനന്തപുരം) ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് ബഹു. ഹൈക്കോടതി (OP KAT) No.62/2017 മേൽ 04/06/2019 ലെ വിധിപ്രകാരം ശരിവച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ടി തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |
| (സി) | പ്രസ്തുത തീരുമാനം ജെ.പി.എച്ച്.എൻ. കോഴ്സ് കഴിഞ്ഞവരുടെ അവസരങ്ങൾ കുറയ്ക്കുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇതുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No. 1003/2021 എന്ന കേസ് നിലവിലുണ്ട്. ഈ കേസിൽ അന്തിമവിധി ഉണ്ടാകുന്ന മുറയ്ക്ക് വിഷയത്തിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഇതുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No. 1003/2021 എന്ന കേസ് നിലവിലുണ്ട്. ഈ കേസിൽ അന്തിമവിധി ഉണ്ടാകുന്ന മുറയ്ക്ക് വിഷയത്തിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ